**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2476** **04-03-2025-ൽ മറുപടിയ്ക്ക്**

**<u>പേഴ്സണൽ സ്റ്റാഫിൽ നിന്നും വിരമിച്ചവരുടെ മസ്റ്ററിംഗ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ഡോ. എം. കെ. മുനീർ

ഡോ. എം. കെ. മുനീർ

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ചതിനുശേഷം വിരമിക്കുന്നവർക്ക് മസ്റ്ററിംഗിനോടൊപ്പം നോൺ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് നൽകണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ;

**<u>മറുപടി:</u>** കെ എസ് ആർ ഭാഗം III ചട്ടം 132 പ്രകാരം എല്ലാ മാസവും ട്രഷറിയിൽ നൽകുന്ന പെൻഷൻ ബില്ലിനൊപ്പം ഒരു തൊഴിൽ രഹിത സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

പെൻഷൻ വിതരണം ചെയ്യുന്നതിന് ബില്ല് സംവിധാനം നിലവിലില്ലാത്ത സാഹചര്യത്തിൽ, തൊഴിൽരഹിത സർട്ടിഫിക്കറ്റ് നൽകുന്നതിന് പൊതുമാതൃക ഇല്ലാത്തതിനാലും സർക്കാർ അക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 31/01/2025 ലെ സ.ഉ(അ)നം.9/2025/ധന ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള മാതൃകയിൽ 18 വയസ്സ് മുതൽ 25 വയസ്സ് വരെയുള്ള കുടുംബപെൻഷൻകാരും, 70 വയസ്സ് വരെയുള്ള പേഴ്സണൽ സ്റ്റാഫ് പെൻഷൻകാരും / പേഴ്സണൽ സ്റ്റാഫ് കുടുംബപെൻഷൻകാരും എല്ലാ വർഷവും ലൈഫ് സർട്ടിഫിക്കറ്റിനൊപ്പം ഒരു തൊഴിൽരഹിത സർട്ടിഫിക്കറ്റ് പെൻഷൻ വാങ്ങുന്ന ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്. 70 വയസ്സിന് മുകളിലുള്ള പേഴ്സണൽ സ്റ്റാഫ് പെൻഷൻ കാരും / പേഴ്സണൽ സ്റ്റാഫ് കുടുംബപെൻഷൻകാരും എല്ലാ വർഷവും ലൈഫ് സർട്ടിഫിക്കറ്റിനൊപ്പം സ്വയംസാക്ഷ്യപ്പെടുത്തിയ തൊഴിൽരഹിത സർട്ടിഫിക്കറ്റ് ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്.

**(ബി)** എങ്കിൽ നോൺ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് നൽകണമെന്ന വ്യവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**